**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്തെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ കാർഡ് ഉടമയ്ക്കോ കുടുംബത്തിലെ മറ്റുള്ളവർക്കോ പലപ്പോഴും റേഷൻ കടകളിൽ എത്തിപ്പെടാൻ കഴിയാത്ത അവസ്ഥ സംജാതമാകാറുണ്ട്. ആയതിനാൽ ഈ ലോക്ക്ഡൗൺ കാലത്ത് മാത്രം വിരലടയാളം നിർബന്ധമാക്കാതെ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | കോവിഡ് 19 ഒന്നാംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻവിതരണം താൽക്കാലികമായി നിർത്തിവച്ച്, സാനിറ്റൈസർ, സാമൂഹിക അകലം ഉൾപ്പെടെയുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാന്വൽ രീതിയിൽ വിതരണം ആരംഭിച്ചിരുന്നു. പ്രസ്തുത കാലയളവിലെ റേഷൻവിതരണനിരക്ക് 93% ആണെങ്കിലും ഇ-പോസ് മുഖേനയുള്ള വിതരണം പുന:സ്ഥാപിച്ചതിലൂടെ രണ്ട് ലക്ഷത്തിലധികം പേർ അവരുടെ റേഷൻവിഹിതം കൈപ്പറ്റിയിരുന്നില്ലെന്ന് കണ്ടെത്തിയതിനാൽ പൊതുവിതരണത്തിലെ അഴിമതി, റേഷൻ തിരിമറി എന്നിവ ഒഴിവാക്കുന്നതിന് ഇ-പോസ് മുഖേനയുള്ള വിതരണം പുന:സ്ഥാപിക്കുന്നതിന് കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായി. ആയതിനാൽ കേന്ദ്രനിർദ്ദേശപ്രകാരം നാളിതുവരെ ഇ-പോസ് മുഖേനയും OTP പ്രകാരവും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ടു മാത്രമാണ് റേഷൻവിതരണം നടത്തി വരുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്രനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലെ വിതരണ സംവിധാനത്തിൽ മാറ്റം വരുത്തുവാനോ മാന്വൽ വിതരണം നടത്തുവാനോ സാധ്യമാകുകയുള്ളൂ സിവിയർ കണ്ടെയ്ൻമെന്റ് സോണുകളിലും മൈക്രോ കണ്ടെയ്ൻമെന്റ് സോണുകളിലും അതാത് ജില്ലാ കളക്ടറുടെ നിർദ്ദേശം അനുസരിച്ച് ഓതന്റിക്കേഷൻ ഒഴിവാക്കി ഒരു റേഷനിംഗ് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ഇ-പോസ് മെഷീനിലൂടെ തന്നെ മാന്വലായി ബില്ലിംഗ് നടത്തി റേഷൻ വിതരണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഈ ലോക്ക്ഡൗൺ കാലത്തെ പ്രത്യേകതകൾ മൂലം റേഷൻ വിതരണം സമയബന്ധിതമായി | (ബി) | 2021 മെയ് മാസത്തെ റേഷൻ വിതരണത്തിന്റെ കാലാവധി 2021 ജൂൺ 05 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മെയ് മാസത്തെ റേഷൻ വിതരണത്തിന്റെ അവസാന പരിധി ഒരാഴ്ച കൂടി നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ? | | |

സെക്ഷൻ ഓഫീസർ